പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6632 — 04.04.2018-ൽ മറുപടിക്ക്

കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പാലങ്ങൾ ബലപ്പെടുത്തുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന ഇരണകാവ് പാലത്തിന് പുറമേ പഴയങ്ങാടി, വണ്ണാത്തി കടവ്, കാവിൻ മുനമ്പ് എന്നിവിടങ്ങളിൽ പുതിയ പാലം നിർമ്മിക്കുന്നതിനും, നിലവിലുള്ള പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിനുമുള്ള നടപടി ക്രമങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.<br>**പഴയങ്ങാടി പാലം.** ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.<br>**വണ്ണാത്തി കടവ് പാലം.** ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>**കാവിൻ മുനമ്പ് പാലം.** ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്.<br>**പഴയങ്ങാടി പാലം.** ബലപ്പെടുത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച (ഖണ്ഡിക 156 ഇനം നമ്പർ 180) മാടായി-എട്ടിക്കുളം എച്ച് എസ് റോഡ് നവീകരണവും വെങ്ങര റെയിൽവെ മേൽപ്പാലവും എന്ന പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) മാടായി ടി.ബി മുട്ടം- പാലക്കോട് -എട്ടിക്കുളം എച്ച്.എസ് കി.മി. 0/000 മുതൽ 5/352 വരെ (ആർ.ഒ.ബി ഒഴികെ )യുള്ള റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയ്ക്ക് ജി.ഒ (ആർ.റ്റി) നം.379/2017/പൊ.മ.വ തീയതി 22.03.2017 പ്രകാരം 1200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**വേങ്ങര റെയിൽവേ മേൽപാലത്തിന്റെ**

പൊതുമരാമത്ത് വകുപ്പ് ചേയ്യേണ്ട ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ 12.06.2015 ലെയും 19.09.2015 ലെയും CE/R&B/KNR/BW/16739/2005 നമ്പർ ഉത്തരവ് പ്രകാരം പണി പൂർത്തിയാക്കുകയും, റിപ്പോർട്ട് DRIQ ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ സ്പാനിന്റെ വിശദവിവരങ്ങൾ ലഭ്യമാകാത്തതിനാൽ ഡിസൈൻ പൂർത്തീകരിച്ചിരുന്നില്ല. എന്നാൽ 05.02.2018 തീയതിയിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും കല്യാശ്ശേരി എം.എൽ.എ യുടേയും പൊതുമരാമത്ത്, റെയിൽവേ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തിൽ, ഡിസൈൻ തയ്യാറാക്കി റയിൽവേയുടെ കൺകറൻസി നായി അയക്കാൻ നിർദ്ദേശം നൽകിയതനു സരിച്ച് 26.03.2018-ന് ഡിസൈൻ, റയിൽവേയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്നും പലപ്പോഴും കാലതാമസം വരുന്നതായി കാണുന്നുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ